PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION 1948/1124.

VOL. II—No. 11.

Wednesday, the 18th August 1948/2nd Chingom 1124.

The Travancore Legislative Assembly met in the Legislative Chamber, public offices, at eleven of the clock on Wednesday, the 18th August 1948/ nd Chingom 1124, with the President (the Hon'ble Mr. A. J. John) in the chair.

QUESTIONS AND ANSWERS.

ഫീൽഡാഫീസറന്മാർ.

364. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya*): അടിയിൽ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സ്വയം മറുപടി പറയുമോ?

പിന്നോക്ക സമുദായങ്ങളുമായി ഏറ്റവും അടുത്തു പെരുമാറാൻ സൌകര്യമുള്ള ഫീൽഡാഫീസറന്മാർക്ക് കൂടുതൽ അധികാരങ്ങൾ നൽകാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ഉദ്ദേശമുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഫീൽഡാഫീസറന്മാർക്ക് ഇപ്പോൾ തന്നെ അവരുടെ ജോലികൾ ശരിയായി നടത്തിക്കൊണ്ടു പോകാനുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ട്. അതിനാൽ തൽക്കാലം കൂടുതൽ അധികാരം കൊടുക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല.

MR. P. K. KRISHNAN SASTRI : ഇന്നത്തെ നിലയ്ക്കു ഫീൽഡാഫീസർമാർക്ക് പിന്നോക്ക സമുദായങ്ങളുമായി പെരുമാറുവാൻ വേണ്ടിടത്തോളം സൌകര്യം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. G. RAMACHANDRAN : കൂടുതൽ അധികാരം കൊടുത്താൽ അതിനു പരിഹാരം ഉണ്ടാകുമെന്നു ഗവണ്മെൻറിനു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly